LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : സർ, സംസ്ഥാന പാതകളുടെ വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ-മധുര ഹൈവേ വൈക്കം വഴി കടന്നുപോകുന്നതിന്റെ സർവ്വേയും മറ്റു കാര്യങ്ങളുമെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. ഇനി അതിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സർവ്വേ പൂർത്തിയായിട്ടുണ്ട്. അനന്തര നടപടികൾക്ക് ഇനിയും കാലതാമസമുണ്ടാകും.

ശ്രീ. സി. പി. മുഹമ്മദ് : സർ, Pradhan Mantri Gram Sadak Yojana-ൽ കേന്ദ്രഗവൺമെന്റ് സഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന റോഡുകൾക്ക് കേന്ദ്രഗവൺമെന്റ് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന ഹൈവേകൾക്ക് ധനസഹായം നൽകുന്നതിൽ റോഡുകൾ എങ്ങനെ തെരഞ്ഞെടുക്കപ്പെടണമെന്നതിനെക്കുറിച്ച് കേന്ദ്രഗവൺമെന്റ് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന്റെ മാനദണ്ഡങ്ങളുണ്ട്. നോട്ടീസ് ഇല്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ പറയാൻ സാധിക്കില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, സംസ്ഥാന പാതകളുടെ വികസനത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽപ്പെടുത്തി വികസിപ്പിക്കുന്നതിനു വേണ്ടി തീരുമാനിച്ച കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കാഞ്ഞങ്ങാട്-കാസർഗോഡ് സ്റ്റേറ്റ് ഹൈവേയുടെ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നാണ് അറിയുന്നത്. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ പൂർത്തിയാക്കി ഈ വർക്ക് ആരംഭിക്കുന്നതിനുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 634-ഉം 648-ഉം ഒരുമിച്ചെടുക്കാം.

സംസ്കൃത സർവ്വകലാശാല നിയമത്തിനു ഭേദഗതി

4 (*634) ശ്രീ. വർക്കല കഹാർ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത സർവ്വകലാശാല നിയമത്തിനനുസൃതമായി സംസ്കൃത സർവ്വകലാശാല നിയമത്തിലും ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ അഫിലിയേറ്റിംഗ് സർവ്വകലാശാലകളെ മാത്രമേ ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാലാണ് അഫിലിയേറ്റിംഗ് സർവ്വകലാശാല അല്ലാത്ത കാലടി സംസ്കൃത സർവ്വകലാശാലയെ നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയത്.

(ബി) സംസ്കൃത സർവ്വകലാശാല ആക്ടിന് അനുസൃതമായ ഭേദഗതികൾ വരുത്തുന്ന കാര്യം പരിശോധനയിലാണ്.

വി. സി. നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

5 (*648) ശ്രീ. വർക്കല കഹാർ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവകലാശാലയിൽ വൈസ് ചാൻസലറുടെ നിയമനത്തിന് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) നിലവിലുള്ള വൈസ് ചാൻസലറുടെ നിയമനം യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണോ നടത്തിയിട്ടുള്ളത് ;

(സി) അല്ലെങ്കിൽ മാനദണ്ഡം പാലിക്കാതെയുള്ള പ്രസ്തുത നിയമനം റദ്ദുചെയ്യുന്നതിനും, പകരം വൈസ് ചാൻസലറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) യു.ജി.സി. മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

ശ്രീ. വർക്കല കഹാർ : സർ, സംസ്കൃത സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കാൻ എന്തെല്ലാം നടപടികൾ ആസൂത്രണം ചെയ്യാൻ ഈ പശ്ചാത്തലത്തിൽ ആലോചിക്കുന്നുണ്ട് ?

ശ്രീ. ടി. എം. ജേക്കബ് : സർ, സംസ്കൃത സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. യു.ജി.സി.യിൽ നിന്നും കൂടുതൽ ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയും.

ശ്രീ. വർക്കല കഹാർ : സർ, ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പരിധിയിൽ ഒരു സർവ്വകലാശാലയെ ഉൾപ്പെടുത്തുന്നതുകൊണ്ടുള്ള പ്രത്യേക പ്രയോജനമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly